## 13/02/2018 അരീക്കോട്

മുക്കാൽ കിലോ എംഡിഎ (മെഥിലീൻ ഡയോക്സി ആംഫിറ്റമീൻ) ലഹരിമരുന്നുമായി രണ്ടു മലയാളികളടക്കം അഞ്ചുപേർ പിടിയിൽ. പിടികൂടിയ ലഹരിപദാർഥത്തിനു രാജ്യാന്തര വിപണിയിൽ അഞ്ചു കോടി രൂപയോളം വിലവരുമെന്നു പൊലീസ്. കോഴിക്കോട് കൊടിയത്തൂർ പന്നിക്കോട് പാലാട്ട് മജീദ് (56), കോട്ടയം മീനച്ചിൽ കീഴ്പറയാർ മാങ്ങാത്ത് പയസ് മാത്യു (50), കൊടൈക്കനാൽ പളനി റോഡ് റഫീഖ് രാജ് (33), ട്രിച്ചി മഞ്ചൽതിടൽ വിക്ടർ ജഗൻരാജ് (26), ഡിണ്ടിഗൽ വീരമ്മാൾ കോവിൽ വെള്ളച്ചാമി ഹൗസിൽ ഗുണശേഖരൻ (46) എന്നിവരെ അറസ്റ്റ് ചെയ്തു. മൈത്ര പാലത്തിനു സമീപത്തുനിന്നു കഴിഞ്ഞ ദിവസം വൈകിട്ടാണു സംഘത്തെ പിടികൂടിയത്.

നവംബറിൽ കരിപ്പൂരിൽനിന്നു 18 ഗ്രാം എംഡിഎയുമായി പിടിയിലായ കൊണ്ടോട്ടി സ്വദേശിയെ പിന്തുടർന്നു പ്രത്യേക അന്വേഷണ സംഘം നടത്തിയ അന്വേഷണമാണു സംഘത്തെ കുടുക്കിയത്. ദക്ഷിണാഫ്രിക്കയിൽ നിർമിക്കുന്ന ലഹരിമരുന്ന് അഫ്ഗാനിസ്ഥാനിലെത്തിച്ച ശേഷമാണ് ഇന്ത്യയിലേക്കു കൊണ്ടുവരുന്നതെന്നു പൊലീസ് പറഞ്ഞു. നിശാപ്പാർട്ടികളിലും മറ്റും ഈ ലഹരിമരുന്ന് കൂടുതലായി ഉപയോഗിക്കുന്നതായി പൊലീസ് പറയുന്നു. കൊടിയത്തൂർ സ്വദേശി മജീദ് ഇടനിലക്കാരനായി നടത്തിയ ഇടപാടിനിടയിലാണു കാർ സഹിതം സംഘം പിടിയിലാകുന്നത്.